## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 320** **13.10. 2011-ൽ മറുപടിക്ക്.**

## ഗുണനിലവാരം ഉയർത്താൻ പോലീസിൽ സ്പെഷ്യലൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) കേസന്വേഷണത്തിന്റെ ഗുണനിലവാരം ഉയർത്താൻ പോലീസിൽ സ്പെഷ്യലൈസേഷൻ നടപ്പാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; മുൻ സർക്കാർ നടത്തിയ നിയമനിർമ്മാണത്തിനനുസൃതമായ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

: (എ) ഉണ്ട്. കേരളാ പോലീസ് ആക്ട് 2011-ലെ ചില വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് പുതിയതായി ചട്ടങ്ങൾ പുറപ്പെടുവിക്കുകയോ, നിലവിലുള്ളവ പരിഷ്കരിക്കുകയോ ചെയ്യേണ്ടത് ആവശ്യമാണ്. ഇതിനായി സർവ്വീസിലുള്ളവരും സർവ്വീസിൽ നിന്ന് വിരമിച്ചവരുമായ 5 പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട് 18.01.2011-ലെ ജി.ഒ.(ആർ.ടി.) നമ്പർ:166/2011/ഹോം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കേരളാ പോലീസ് ആക്ടിന്റെ ഭാഗമായി തുടർ നടപടി എന്ന നിലയിൽ സെക്ഷൻ 126 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ചും, സെക്ഷൻ 56 പ്രകാരം അവകാശിയില്ലാത്ത വസ്തുക്കളിന്മേൽ ലെവി ഈടാക്കുന്നത് സംബന്ധിച്ചും, സെക്ഷൻ 101(6) പ്രകാരം ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ ബോർഡ് യോഗം കൂടുന്നത് സംബന്ധിച്ചും, സെക്ഷൻ 6(3) പ്രകാരം പോലീസ്

(മറുപുറം..........2)

സ്റ്റേഷനുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ചും വകുപ്പുതലത്തിൽ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സെക്ഷൻ 88(2) പ്രകാരം ട്രെയിനിംഗ് പീരീഡ് ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും, സെക്ഷൻ 126(3) പ്രകാരം കേസ് രാജിയാക്കുമ്പോൾ ഈടാക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് നിശ്ചയിക്കുന്നതിനും സെക്ഷൻ 127(2) പ്രകാരം ക്രിമിനൽ ജസ്റ്റീസ് മിസലേനിയസ് ഫണ്ട് നിലനിർത്തുന്നത് സംബന്ധിച്ചുമുള്ള പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (ബി) രാവിലെ കുറ്റാന്വേഷണവും ഉച്ചയ്ക്കുശേഷം ക്രമസമാധാനവും വൈകിട്ട് സുരക്ഷയും നോക്കേണ്ട അവസ്ഥയാണ് കേരള പോലീസിനെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ഇല്ല. |
| (സി) നിയമപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും കുറ്റാന്വേഷണ പരിശീലനം നൽകുന്നതിനും തുടർ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | : (സി) നിയമപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും, കുറ്റാന്വേഷണത്തിൽ ആധുനികവും, ശാസ്ത്രീയവുമായ പരിശീലനം നൽകുന്നതിനുമായി പോലീസ് സേനാംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും വിവിധ തരത്തിലുള്ള ക്ലാസ്സുകളും, ട്രെയിനിംഗുകളും, കേരള പോലീസ് അക്കാഡമി, കേരളാ പോലീസ് ട്രെയിനിംഗ് കോളേജ്, പോലീസ് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വച്ച് വിജയകരമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ